അതിക്രമങ്ങൾ തടയൽ	14.86
കോർപ്പസ് ഫണ്ട്	332.55
പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനം	50.00
ഊരുകൂട്ടം	3.90
ഐ.ഇ.സി.	8.22
പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസന പദ്ധതി	298.89

കേരളം-പരിപൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം

117(2370) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "കേരളം-പരിപൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികൾ വേണ്ടി വരുമെന്നറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ സംസ്ഥാനത്ത് ആകെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(സി) കഴിഞ്ഞ നാലുവർഷക്കാലത്ത് സംസ്ഥാനത്ത് ആകെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 61 നിയോജക മണ്ഡലങ്ങൾ ഇതുവരെയായി സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുണ്ട്. ഫെബ്രുവരി 20-ാം തീയതിയോടെ 77 മണ്ഡലങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കും. മാർച്ച് 31-നകം 100 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. മറ്റ് നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് അതാത് മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ മുൻകൈ എടുക്കേണ്ടതുണ്ട്. എം.എൽ.എ. ഫണ്ട്, എം.പി.ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, സർക്കാർ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ എന്നിവ ചേർത്താണ് മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത്. പ്രസ്തുത പദ്ധതിക്ക് എസ്റ്റിമേറ്റ് തുകയുടെ 50% (പരമാവധി

LIBRARY ARCHIVES Kerala Legislative Assembly

ഒരു കോടി രൂപ വരെ) ബോർഡിന്റെ നോർമൽ ഡവലപ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. കൂടാതെ 10 മെഗാവാട്ടിലധികം വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ ഉള്ള നിയോജക മണ്ഡലങ്ങളുടെ വൈദ്യുതീകരണത്തിന് വൈദ്യുതി ബോർഡ് പ്രഖ്യാപിച്ച ഒരു കോടി രൂപയ്ക്ക് പുറമേ പ്രത്യേക ഫണ്ട് അനുവദിക്കുന്നതാണ്. കൂടാതെ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി/പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി മാറുന്നതാണ്. ഇതിനായി വനത്തിൽ കൂടി ലൈൻ വലിക്കേണ്ട സാഹചര്യങ്ങളിൽ വനം വകുപ്പിന്റെയും പ്രോപ്പർട്ടി ക്രോസിംഗ് അനുമതി ലഭിക്കാത്ത കേസുകളിൽ ജില്ലാ മജിസ്ട്രേറ്റിന്റെയും അനുമതി വാങ്ങേണ്ടതുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ 500 MW സ്ഥാപിതശേഷി വർദ്ധിപ്പിക്കാമെന്നാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ വൻകിട പദ്ധതികളായ അതിരപ്പിള്ളി (163 MW), പൂയംകുട്ടി (210 MW) പദ്ധതി എന്നീ പദ്ധതികൾ ക്ളിയറൻസ് കിട്ടാത്തതിനാൽ നടപ്പാക്കാനായിട്ടില്ല.

(സി) കഴിഞ്ഞ നാലുവർഷക്കാലത്ത് 204.15 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ പുഴിത്തോട് (4.8 MW), ഈ മാസം കമ്മീഷൻ ചെയ്യും. റാന്നി-പെരുനാട് പദ്ധതി (4 MW) മാർച്ച് മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നു. കൂടാതെ 129.75 MW-ന്റെ ഏഴ് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. 16.5 MW-ന്റെ മൂന്ന് പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. ഇതിനു പുറമേ 71.1 MW-ന്റെ നാല് പുതിയ പദ്ധതികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 18.2 MW-ന്റെ ആറ് പുതിയ പദ്ധതികളുടെ ടെണ്ടർ ഈ സാമ്പത്തിക വർഷം തന്നെ ക്ഷണിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്തു നിന്നും വാങ്ങിയ വൈദ്യുതി

118(2371) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ ; എങ്കിൽ എത്ര യൂണിറ്റ് എന്നും അതിന് ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുമൂലം കെ.എസ്.ഇ.ബി.-ക്ക് അധിക ബാധ്യത വന്നിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത ബാധ്യത നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly